# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1180      20.01.2014 -ലെ മറുപടിയ്ക്ക്

## പുതിയ കോളേജുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഡോ.കെ. ടി. ജലീൽ | ശ്രീ. പി.കെ. അബ്ദുറബ്ബ് (ബഹു. വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരമേറ്റ ശേഷം ഗവൺമെന്റ്/ എയ്ഡഡ് മേഖലയിൽ ആർട്സ് & സയൻസ് കോളേജുകൾഇല്ലാത്ത നിയോജകമണ്ഡലങ്ങളിൽ പുതുതായി കോളേജുകൾ ആരംഭിച്ചിട്ടുണ്ടോ ; | (എ) | ഉണ്ട്. |
| (ബി) | എങ്കിൽ ഏതെല്ലാം സ്ഥലങ്ങളിലാണ് ആരംഭിച്ചിട്ടുള്ളത് ; | (ബി) | 1. താനൂർ (സർക്കാർ മേഖല)<br>2. കൊടുവള്ളി (സർക്കാർ മേഖല)<br>3. കൊണ്ടോട്ടി (സർക്കാർ മേഖല)<br>4. മങ്കട (സർക്കാർ മേഖല)<br>5. ബാലുശ്ശേരി (സർക്കാർ മേഖല)<br>6. തൃത്താല (സർക്കാർ മേഖല)<br>7. ചേലക്കര (സർക്കാർ മേഖല)<br>8. കാട്ടാക്കട (സർക്കാർ മേഖല)<br>9. തലശ്ശേരി (സർക്കാർ മേഖല)<br>10. പയ്യന്നൂർ (സർക്കാർ മേഖല)<br>11. നെയ്യാറ്റിൻകര (സർക്കാർ മേഖല)<br>12. വേങ്ങര (എയ്ഡഡ് മേഖല) |
| (സി) | കോളേജുകൾ ആരംഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ ; | (സി) | 25.04.2013-ലെ ബഹുമാനപ്പെട്ട വിദ്യാഭ്യാസ മന്ത്രിയുടെ 10529/ബി3/2013/ഉ.വി.വ നം. അർദ്ധ ഔദ്യോഗിക കത്ത് ആവശ്യപ്പെട്ടതിൻ പ്രകാരം കോളേജ് ആരംഭിക്കുന്നതിലേക്കായി ചുരുങ്ങിയത് 5 ഏക്കർ സ്ഥലം കണ്ടെത്തുകയും കെട്ടിട നിർമ്മാണത്തിനാവശ്യമായ സാമ്പത്തിക സഹായം പ്രാദേശിക എം.എൽ.എ.യുടെ ആസ്തി വികസന ഫണ്ടിൽ നിന്നും അനുവദിക്കുകയും കെട്ടിട നിർമ്മാണം പൂർത്തിയാക്കുന്നതുവരെ പകരം കെട്ടിടം കണ്ടെത്തുകയും ചെയ്തിട്ടുള്ള എം.എൽ.എ. മാരുടെ മണ്ഡലങ്ങൾക്ക് മുൻഗണനാടിസ്ഥാനത്തിൽ കോളേജ് അനുവദിക്കുന്നതാണ്. |
| (ഡി) | 5 ഏക്കർ സ്ഥലം കോളേജിന് സ്വന്തമായിവേണമെ ന്നുള്ള വ്യവസ്ഥയുണ്ടോ; | (ഡി) | ഉണ്ട്. |

| | | | |
|---|---|---|---|
| (ഇ) | എങ്കിൽ കോളേജുകൾ ആരംഭിച്ച മണ്ഡലങ്ങളിൽ കോളേജിനായി ഭൂമി രജിസ്റ്റർ ചെയ്തതിനുശേഷമാണോ കോളേജുകൾ ആരംഭിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ ; | (ഇ ) | പുതുതായി അനുവദിക്കപ്പെട്ട കോളേജുകളുടെ പ്രവർത്തനം താല്കാലിക സംവിധാനങ്ങളിലായാണ് നടന്നുവരുന്നത്. ഭൂമി കൈമാറ്റം ചെയ്യുന്നത് സംബന്ധിച്ച നടപടി റവന്യൂ അധികാരികളുമായി ചേർന്ന് കൈക്കൊണ്ട് വരുകയാണ്. |
| (എഫ്) | 2013 - 2014 അദ്ധ്യായന വർഷം പുതുതായി തുടങ്ങിയ എത്ര കോളേജുകളിൽ ക്ലാസുകൾ ആരംഭിക്കുവാൻ കഴിഞ്ഞിട്ടുണ്ടെന്ന് അറിയിക്കുമോ ; | (എഫ്) | അനുവദിക്കപ്പെട്ട 12 കോളേജുകളിൽ (എയ്ഡഡ്-1) 8 കോളേജിൽ ക്ലാസ്സുകൾ ആരംഭിച്ചിട്ടുണ്ട്. |
| (ജി) | ഇനി എത്ര നിയോജകമണ്ഡലങ്ങളിലാണ് കോളേജുകൾ ആരംഭിക്കാനുള്ളത് എന്ന് വ്യക്തമാക്കാമോ ; | (ജി) | അനുവദിക്കപ്പെട്ട 12 കോളേജുകളിൽ ഇനി നാലിടങ്ങളിൽ ക്ലാസുകൾ ആരംഭിക്കാനുണ്ട്. |
| (എച്ച്) | സർക്കാരിന്റെ സ്ഥലം പ്രയോജനപ്പെടുത്താതെ ഇതിനകം എത്ര മണ്ഡ ലങ്ങളി ലാണ് സ്വകാര്യ വ്യക്തികളുടെയോ ട്രസ്റ്റുകളുടെയോ സ്ഥലം ഉപയോഗപ്പെടുത്തി കോളേജുകൾ ആരംഭിച്ചിട്ടുള്ളത് എന്നും ഇവ ഏതൊക്കെയാണെന്നും വിശദമാക്കാമോ ? | (എച്ച്) | സ്വകാര്യ വ്യക്തികളുടെയോ ട്രസ്റ്റുകളുടെയോ സ്ഥലം താല്ക്കാലികമായി ഉപയോഗപ്പെടുത്തി താഴെ പറയുന്ന 3 സർക്കാർ കോളേജുകളിൽ ക്ലാസ്സുകളാരംഭിച്ചിട്ടുണ്ട്.<br>1. കൊടുവള്ളി<br>2. കൊണ്ടോട്ടി<br>3. മങ്കട<br>ഇതുകൂടാതെ ചേലക്കര ഗവ. കോളേജിന്റെ പ്രവർത്തനത്തിനായി കിള്ളിമംഗലം ഗവ. എൽ.പി. സ്കൂളിന്റെ കെട്ടിടങ്ങൾക്ക് പുറമേ അതിനോട് ചേർന്നുള്ള ഗ്രാമീണ വായന ശാലയുടെ സേവനവും ഉപയോഗപ്പെടുത്തുന്നുണ്ട്. |

സെക്ഷൻ ഓഫീസർ